Deshabhimani 24.12.17



► കാർഷിക ഗവേഷണകേന്ദ്രം ശതാബ്ദി ആഘോഷങ്ങളുടെ സമാപനസമ്മേളനം മന്ത്രി വി എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു

# കാർഷിക ഗവേഷണകേന്ദ്രം ശതാബ്ദി സമാപനം

തൃശൂർ > കേരള കാർഷിക സർവകലാശാല കാർഷിക ഗവേഷണകേന്ദ്രം ശതാബ്ദി ആഘോഷങ്ങളുടെ സമാപനസമ്മേളനം മന്ത്രി വി എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. കാർഷിക ഗവേഷണ കേന്ദ്രത്തിലെ മുൻ മേധാവികളെയും ജീവനക്കാരെയും തൊഴിലാളികളെയും മന്ത്രി ആദരിച്ചു. അഡ്വ. കെ രാജൻ എംഎൽഎ അധ്യക്ഷനായി. സി എൻ ജയദേവൻ എംപി ശതാബ്ദി കവാട ശിലാഫലകം അനാച്ഛാദനം ചെയ്തു. കുടുംബ പവർ ടില്ലർ, റിമോട്ട് കൺട്രോൾ പവർ ടില്ലർ, ഭിന്ന ശേഷിക്കാർക്കുള്ള പുല്ലുവെട്ടുയന്ത്രം തുടങ്ങിയവയുടെ പ്രവർത്തനോദ്ഘാടനവും ഡോക്യുമെന്ററി പ്രകാശനവും നടന്നു.

അഡ്വ. എ എസ് രാമദാസൻ, സർവകലാശാലാ രജിസ്ട്രാർ ഡോ. എസ് ലീനാകുമാരി, വിജ്ഞാന വ്യാപന ഡയറക്ടർ ഡോ. ജിജു പി അലക്സ്, ഫിസിക്കൽ പ്ലാന്റ് ഡയറക്ടർ ഡോ. വി ആർ രാമചന്ദ്രൻ, ജനറൽ കൗൺസിൽ അംഗങ്ങളായ ഡോ. ബി സുമ, ഡോ. എസ് എസ്റ്റലീറ്റ, പി കെ ശ്രീകുമാർ, ഡോ. ടി പ്രദീപ്കുമാർ, ഡോ. കെ കെ സത്യൻ, ഡോ. സക്കീർ ഹുസൈൻ, ബിബിൻ ചാക്കോ, ഡോ. എം സി നാരായണൻ, ഡോ. യു ജയകുമാരൻ എന്നിവർ സംസാരിച്ചു.

കാർഷിക ഗവേഷണകേന്ദ്രം മേധാവി ഡോ. എ ലത റിപ്പോർട്ട് അവതരിപ്പിച്ചു. ഗവേഷണ വിഭാഗം ഡയറക്ടർ ഡോ. പി ഇന്ദിരാദേവി സ്വാഗതവും ഡോ. സി നാരായണൻകുട്ടി നന്ദിയും പറഞ്ഞു.